## പതിമൂന്നാം കേരള നിയമസഭ
## ആറാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
നിയമസഭാ ചോദ്യം നമ്പർ : 1283

13.12.2012 - ൽ
മറുപടിക്ക്

## തൊണ്ട് സംഭരണ പദ്ധതി

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.സി.പി. മുഹമ്മദ്<br>,, എ.പി. അബ്ദുള്ളക്കുട്ടി | ശ്രീ. അടൂർ പ്രകാശ്<br>(റവന്യൂവും കയറും വകുപ്പ് മന്ത്രി |
| (എ) തൊണ്ട് സംഭരണ പദ്ധതി പരിഷ്ക്കരിച്ചിട്ടുണ്ടോ; | (എ) പരിഷ്ക്കരിച്ചിട്ടുണ്ട്. 16.01.2012-ലെ സ.ഉ. (കൈ) നം. 5/12/വ്യവ നമ്പർ സർക്കാർ ഉത്തരവ് പ്രകാരം നാളികേര തൊണ്ട് സംഭരണ പദ്ധതിയുടെ നിയമാവലി പരിഷ്ക്കരിച്ച് ഉത്തരവായിട്ടുണ്ട്. |
| (ബി) പരിഷ്ക്കരിച്ച പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തൊക്കെയാണ് ; വിശദാംശങ്ങൾ വെളിപ്പെടുത്തുമോ; | (ബി) 16.01.2010-ലെ സ.ഉ.(കൈ).15/10/വ്യവ നമ്പർ സർക്കാർ ഉത്തരവു പ്രകാരം നാളികേര തൊണ്ട് സംഭരണപദ്ധതി നടപ്പിലാക്കിയപ്പോൾ ഫീൽഡ് തലത്തിൽ ഉണ്ടായ പ്രായോഗിക വൈഷമ്യങ്ങൾ കണക്കിലെടുത്താണ് ഈ നിയമാവലി പരിഷ്ക്കരിച്ച് ഉത്തരവായത്. |
| സി) എന്തെല്ലാം പരിഷ്ക്കാരങ്ങളാണ് വരുത്തിയിട്ടുള്ളതെന്ന് വിശദമാക്കുമോ? | സി) ഈ പദ്ധതിയിൽ തൊണ്ടുസംഭരിക്കുന്നതിന് തൊണ്ടു സംഭരണ കൺസോർഷ്യങ്ങൾക്കു നല്കിയിരുന്ന 5.00 ലക്ഷം റിവോൾവിംഗ് ഫണ്ട്, കടത്തുകൂലിയുടെ 50 % ഗ്രാന്റ് എന്നിവ തുടർന്നും നൽകുന്നതിനോടൊപ്പം ചുവടെ പറയുന്ന പ്രധാന പരിഷ്ക്കാരങ്ങളും വരുത്തിയിട്ടുണ്ട്.<br>a) സ്വകാര്യമേഖലയിൽ പ്രവർത്തിക്കുന്ന പ്രസ്ഥാനങ്ങളെയും ഈ പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. |

| | |
|---|---|
| | b) തൊണ്ട് സംഭരിക്കുന്നതിന് കയർ സഹകരണ സംഘങ്ങൾക്ക് പരമാവധി ഒരു ലക്ഷം രൂപ റിവോൾവിംഗ് ഫണ്ട് നൽകുന്നു.<br>c) തൊണ്ട് ശേഖരിക്കുന്ന ആക്ടിവിറ്റി ഗ്രൂപ്പിലെ വ്യക്തിക്ക് പ്രതിദിനം നൽകിയിരുന്ന പരമാവധി പ്രതിദിന വേതനം 100 രൂപയിൽ നിന്ന് 150 രൂപയായി വർദ്ധിപ്പിച്ചു.<br>d) സംഭരിക്കുന്ന തൊണ്ടിന് നൽകിയിരുന്ന ഇൻസെന്റീവ് പച്ചത്തൊണ്ടിന് 10 പൈസയിൽ നിന്നും 15 പൈസയായും ഉണക്കത്തൊണ്ടിന് 7.5 പൈസയിൽ നിന്നും 10 പൈസയായും വർദ്ധിപ്പിച്ചു. കൺസോർഷ്യത്തിനും/ - സംഘങ്ങൾക്കും / സ്വകാര്യ ഡീഫൈബറിംഗ് മില്ലുകൾക്കും ഈ ഇൻസെന്റീവ് ലഭിക്കും.<br>e) കൺസോർഷ്യവുമായി ബന്ധപ്പെട്ട മീറ്റിംഗിൽ പങ്കെടുക്കുന്നവർക്ക് ഒരാളിന് 10 രൂപയിൽ അധികരിക്കാതെ റിഫ്രഷ്മെന്റ് ചാർജ്ജ് നൽകുന്നതാണ്.<br>f) ഡീഫൈബറിംഗ് മെഷീൻ ഉള്ള കയർ മേഖലയിലെ സഹകരണ സംഘങ്ങൾ സംഘത്തിലെ ഉല്പാദനത്തിന് സംഭരിക്കേണ്ടി വരുന്ന തൊണ്ട് പ്രസ്തുത സംഘങ്ങളിലെ തൊഴിലാളികൾ സംഘം മുഖേന ശേഖരിക്കുകയാണെങ്കിൽ ആ തൊഴിലാളികൾക്ക് ആക്ടിവിറ്റി ഗ്രൂപ്പ് അംഗങ്ങൾക്ക് നല്കുന്ന മാനദണ്ഡ പ്രകാരമുള്ള പ്രതിദിനം ലഭിക്കുന്ന 150 രൂപ സംഭരിക്കുന്ന തൊണ്ടിന് ഇൻസെന്റീവ് ലഭിക്കുന്നതിന് അർഹരാണ്.<br>g) പ്രോജക്ട് ലെവൽ ഹസ്ക്ക് പ്രൊക്യുർമെന്റ് & മോണിറ്ററിംഗ് കമ്മറ്റിയുടെ ഘടനയിൽ മാറ്റങ്ങൾ വരുത്തി. |
| ഡി) പുതുക്കിയ പദ്ധതി എന്ന് മുതൽ നടപ്പിലാക്കാനാണ് ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ? | ഡി) നാളികേര തൊണ്ട് സംഭരണ പദ്ധതി പരിഷ്ക്കരിച്ച് ഉത്തരവായ 16.01.2012 മുതൽ ഈ പദ്ധതി നടപ്പിലാക്കി വരുന്നു. |

സെക്ഷൻ ഓഫീസർ